Ke

# മുക്കം നഗരസഭ കാര്യാലയം

## പി. ഒ. മുക്കം, കോഴിക്കോട്ജില്ല.

mukkammunicipality@gmail.com

പിൻ : 673602 ഫോൺ : 2297132

ഇ2-ജി1/13859/2023

തീയതി : 16/11/2023

പ്രേഷകൻ

സെക്രട്ടറി
മുക്കം നഗരസഭ.

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്
കോഴിക്കോട് – 673 020

സർ,

വിഷയം : മുക്കം നഗരസഭ – സ്ഥിരം അദാലത്ത് പരാതിയിൻമേൽ റിപ്പോർട്ട് നൽകുന്നത് – സംബന്ധിച്ച്

സൂചന : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 13/11/2023 ലെ IVOI/01/23 നമ്പർ കത്ത്

സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ താഴെ പറയും പ്രകാരം സമർപ്പിക്കുന്നു.

മുക്കം നഗരസഭയിൽ ശ്രീ. രാജൻ എം.ഇ., ശ്രീമതി. ഗീത എന്നിവർ 05/04/2021 ന് എ4-5013-2021 ഫയൽ നമ്പരായി നിർമ്മാണം പൂർത്തീകരിച്ച വീടിന് ഒക്യുപ്പൻസി അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പെർമിറ്റ് കാലാവധി കഴിഞ്ഞതിനാൽ പെർമിറ്റ് പുതുക്കുവാനും കൂടുതലായി നിർമ്മിച്ച ഏരിയ ക്രമവൽക്കരിക്കാനുമാണ് ഓവർസിയർ റിപ്പോർട്ട് ചെയ്തിരുന്നത്. ആയത് പ്രകാരം പെർമിറ്റ് പുതുക്കുന്നതിനായി കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സമർപ്പിച്ചിരുന്നില്ല. പിന്നീട് നടത്തിയ ഫയൽ തീർപ്പക്കുന്നതിനുള്ള അദാലത്തിൽ ഹാജരാകുന്നതിനായി നോട്ടീസ് നൽകിയിരുന്നെങ്കിലും ആയതിനും കക്ഷി ഹാജരായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 07/03/2022 ന് ഫയൽ ക്ലോസ് ചെയ്തിട്ടുള്ളതാണെന്ന വിവരം ബോധിപ്പിക്കുന്നു.

MUKKAM MUNICIPALITY * P.O. MUKKAM * Date..........

വിശ്വസ്തതയോടെ

സെക്രട്ടറി
മുക്കം നഗരസഭ.

SECRETARY
Mukkam Municipality
P.O. Mukkam, 673 602